"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൃശ്ശൂർ ജില്ല - പാണഞ്ചേരി ഗ്രാമപഞ്ചായത്ത് - കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പരിധി അധികരിച്ച് ചെലവഴിച്ച ₹6,27,000/- തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.3071/2022/LSGD തീയതി,തിരുവനന്തപുരം, 11-12-2022

പരാമർശം:-
1. സ.ഉ. (സാധാ) നം. 494/2020/തസ്വഭവ തീയതി 27/02/2020
2. സ.ഉ. (സാധാ) നം.1312/2020/തസ്വഭവ തീയതി 02/07/2020
3. പഞ്ചായത്ത് ഡയറക്ടറുടെ 16/03/2022 തീയതിയിലെ PAN/13566/2020-J9(DP) നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രത്യേകിച്ചും ഉയർന്ന പ്രദേശങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ തുകയ്ക്കുള്ള കുടിവെള്ളവിതരണം 20.05.2020-നു പൂർത്തിയായിരുന്നുവെങ്കിലും വരൾച്ച, ലോക്ക് ഡൗൺ എന്നിവ മൂലം ഉണ്ടായ പ്രദേശത്തെ കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് 19/05/2020-ലെ പഞ്ചായത്ത് കമ്മിറ്റിയിലെ തീരുമാനപ്രകാരം നിലവിൽ കുടിവെള്ള വിതരണം നടത്തുന്ന കരാറുകാരൻ തന്നെ നിലവിലുള്ള നിരക്കിൽ ടൈം എക്സ്റ്റൻഷൻ ഉടമ്പടി വെച്ച് 14.06.2020 വരെ കുടിവെള്ള വിതരണം നടത്തിയിരുന്നു എന്നും, സർക്കാർ ഉത്തരവിലെ പരിധി അധികരിച്ച് 6,27,000/-(ആറുലക്ഷത്തി ഇരുപത്തിയേഴായിരം) രൂപ ചെലവ് വന്നിരുന്നുവെന്നും, ടി തുക കരാറുകാരന് പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകണം എന്നും പഞ്ചായത്ത് ഡയറക്ടർ സൂചന (3) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മേൽ സൂചിത സർക്കാർ ഉത്തരവിലെ പരിധി അധികരിച്ച് ചെലവഴിച്ച 6,27,000/- (ആറുലക്ഷത്തി ഇരുപത്തിയേഴായിരം) രൂപ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട്, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ജല ദൗർലഭ്യം സംബന്ധിച്ച വിശദമായ റിപ്പോർട്ട്, തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 07.12.2021-ൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗനടപടിക്കുറിപ്പുകൾ എന്നിവയുടെ അടിസ്ഥാനത്തിലും പഞ്ചായത്തു ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും കരാറുകാരന് തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(സാധാ) നം.3071/2022/LSGD

SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2/എ&ഇ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ